No. CEE/4900/PGM-2020/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**പത്രക്കുറിപ്പ്**

# 2020 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ/ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2020 രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെയും ബിരുദാനന്തര ബിരുദ മെഡിക്കൽ/ദന്തൽ കോഴ്സ് 2020 പ്രവേശനത്തിനായുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ (ആർ.സി.സി) ലെ പി.ജി. മെഡിക്കൽ കോഴ്സ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റും ഇതോടൊപ്പം ലഭ്യമാണ്.

മെഡിക്കൽ/ദന്തൽ കോഴ്സുകളുടെ പ്രവേശനത്തിനായി പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റ്/ കാറ്റഗറി ലിസ്റ്റിന്റെയും വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ 02.07.2020 മുതൽ 07.07.2020 രാവിലെ 10.00 മണി വരെ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെയും അടിസ്ഥാനത്തിലാണ് രണ്ടാം ഘട്ട അലോട്ട്മെന്റ് തയ്യാറാക്കിയത്.

രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് ഓൺലൈൻ പേമെന്റായോ, തെരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസുകളിലോ ഒടുക്കേണ്ടതാണ്. വിവിധ മെഡിക്കൽ/ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 16.07.2020, വൈകിട്ട് 4.00 മണിക്ക് മുമ്പായി അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിട്ടുള്ള രേഖകൾ സഹിതം പ്രസ്തുത കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. നിശ്ചിത തീയതിയ്ക്കകം ഫീസ് ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടമാകുന്നതാണ്.

16.07.2020 വൈകുന്നരം 5.00 മണിയ്ക്ക് മുമ്പ് ബന്ധപ്പെട്ട ദന്തൽ/മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് പ്രിൻസിപ്പൽമാർ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

**ഹെൽപ്പ്ലൈൻ നമ്പർ: 0471 2525300**

തിരുവനന്തപുരം
08.07.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**